*രാജശ്രീ. ജി*
*ഒ.എസ്.എസ് (കെ. സെക്ഷൻ)*

## <u>*സി.ഡി.എസ് സന്ദർശന റിപ്പോർട്ട്*</u>

ഞാൻ സന്ദർശനം നടത്തിയ കണ്ണൂർ ജില്ലയിലെ നടുവിൽ സി.ഡി.എസിൽ 19 എ.ഡി.എസുകളിലായി 255 അയൽക്കൂട്ടങ്ങളാണുള്ളത്. ഇതിൽ 9 വയോജന അയൽക്കൂട്ടങ്ങളും 29 എസ്.റ്റി അയൽക്കൂട്ടങ്ങളും ഒരു ഭിന്നശേഷി അയൽക്കൂട്ടവും ഉൾപ്പെടുന്നു. നടുവിൽ സി.ഡി.എസിൽ 37 ജെ.എൽ.ജികളും 16 സംരംഭങ്ങളും ഉണ്ട്. ജൈവവള യൂണിറ്റ്, ചൂൽ നിർമ്മാണ യൂണിറ്റ്, പലഹാര നിർമ്മാണ യൂണിറ്റ്, ടെയ്‌ലറിങ് യൂണിറ്റ്, ക്യാന്റീൻ, ബ്രിക്സ് യൂണിറ്റ്, ചിക്കൻ യൂണിറ്റ് മുതലായ സംരംഭങ്ങൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. ജെ.എൽ.ജികളിൽ വാഴ, കപ്പ, ചേന, ചേമ്പ്, ഇഞ്ചി, പുൽകൃഷി, പച്ചക്കറി തൈകൾ, മഞ്ഞൾ മുതലായവയുടെ കൃഷി സജീവമാണ്. ആഴ്ച ചന്ത സജീവമായി പ്രവർത്തിക്കുന്നുണ്ട്. എല്ലാ വാർഡിലും ഹരിതകർമസേന പ്രവർത്തിക്കുന്നുണ്ട്. ജി.ആർ.സി ഇല്ല. അടുത്ത സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നതിന് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. സ്നേഹിത കോളിംഗ്ബെൽ മുഖേന 13 ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്. പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയാണ് മെമ്പർ സെക്രട്ടറിയുടെ ചുമതല വഹിക്കുന്നത്. എല്ലാ പ്രവർത്തനങ്ങളിലും അസിസ്റ്റന്റ് സെക്രട്ടറിയുടെയും പഞ്ചായത്തിന്റെയും പൂർണ സഹകരണം ലഭിക്കുന്നുണ്ട്.

ബിസ്മി അയൽക്കൂട്ടത്തിലും സ്പെഷ്യൽ (എസ്.റ്റി) അയൽക്കൂട്ടമായ അനുശ്രീ അയൽക്കൂട്ടത്തിലും പങ്കെടുത്തു. എസ്.റ്റിക്കാർക്കുള്ള കോർപ്പസ് ഫണ്ടായി 50,000/- രൂപ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ രണ്ട് വർഷമായി പ്രവർത്തിച്ചുവരുന്ന ഗ്രാമശ്രീ ചൂൽ നിർമ്മാണ യൂണിറ്റും കുടുംബ ജ്യോതിസ് ജൈവവള നിർമ്മാണ യൂണിറ്റും സന്ദർശിച്ചു. രണ്ട് യൂണിറ്റുകളും ലാഭകരമായും സജീവമായും പ്രവർത്തിച്ചുവരുന്നു.

### <u>*അഭിപ്രായങ്ങൾ*</u>

കുടുംബശ്രീയിൽ നിന്നും ലഭ്യമാകുന്ന റിവോൾവിംഗ് ഫണ്ട് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഗ്രൂപ്പുകളുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കണം. ബി.പി.എൽ, എസ്.റ്റി ഗ്രൂപ്പുകൾക്ക് മാത്രം ഫണ്ട് അനുവദിക്കുന്നത് ഗ്രൂപ്പുകളുടെ പ്രവർത്തന പുരോഗതിയെ ബാധിക്കുന്നു. ഡി.ഡി.യു.ജി.കെ.വൈ മുഖേനയുള്ള കോഴ്സുകളിൽ ജനറൽ വിഭാഗത്തിന് കൂടുതൽ അവസരം നൽകണം. സി.ഡി.എസ്, എ.ഡി.എസ് മെമ്പർമാർക്ക് ഓണറേറിയം/റ്റി.എ എന്നിവ അനുവദിക്കണം.